جامعة دار الهدى الإسلامية
DARUL HUDA ISLAMIC UNIVERSITY
(Member: League of the Islamic Universities, Cairo & Federation of the Universities of the Islamic World, Morocco)

*Ref.* MIN/260915/OAA *Date:* 15-09-'26

# ACADEMIC COUNCIL MEETING REPORT

DARULHUDA MEETING HALL
23-08-2026 SUNDAY (10.20 am -01.15 pm)

അക്കാദമിക് കൗൺസിലിന്റെ സാധാരണ യോഗം 23-08-2025 ഞായർ 10.20ന് വാഴ്സിറ്റി മീറ്റിംഗ് ഹാളിൽ ചേർന്നു.

യോഗത്തിൽ സന്നിഹിതരായവർ

1. ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി
2. യു.മുഹമ്മദ് ശാഫി ഹാജി
3. ഡോ. യു.വി.കെ മുഹമ്മദ്
4. ത്വയ്യിബ് ഫൈസി
5. ഡോ. അബ്ദുർറഹ്മാൻ അരീക്കാടൻ
6. ഡോ. കെ.ടി ജാബിർ ഹുദവി, പറമ്പിൽപീടിക
7. ഡോ. റഫീഖ് ഹുദവി, പുഴക്കാട്ടിരി
8. അബ്ദുന്നാസിർ പി.കെ ഹുദവി കൈപ്പുറം
9. റഊസ് ഹുദവി വാഴക്കാട്
10. ഡോ. പി.കെ ശാഫി ഹുദവി വെളിമുക്ക്
11. ഇ.കെ സിറാജുദ്ദീൻ ഹുദവി
12. ശാഫി ഹുദവി, കരേക്കാട്
13. അബ്ദുശ്ശകൂർ ഹുദവി, ചെമ്മാട്
14. ഡോ. കെ.ടി അബ്ദുൽ ഗഫൂർ ഹുദവി, പൊൻമള
15. ഡോ. കെ.ടി.എം ഹാരിസ് ഹുദവി, കുറ്റിപ്പുറം
16. ഡോ. മിസ്അബ് ഹുദവി നിലമ്പൂർ
17. എം.കെ.എം ജാബിറലി ഹുദവി, പടിഞ്ഞാറ്റുമുറി
18. ജലീൽ ഹുദവി ബാലയിൽ
19. ശഫീഖ് ഹുദവി നീലാമ്പ്ര
20. ഉനൈസ് ഹുദവി ചെമ്മാട്
21. അഫ്സൽ ഹുദവി മാതാപുഴ

പി.ജി ഡീൻ അബ്ദുശ്ശകൂർ ഹുദവിയുടെ പ്രാർഥനയോടെ യോഗത്തിന് പ്രാരംഭം കുറിക്കപ്പെട്ടു. ഉസ്താദ് ഡോ. ബഹാഉദ്ദീൻ നദ്‌വി ആധ്യക്ഷ്യം വഹിച്ചു.

## INTRODUCTION

സ്വാഗതവും ആമുഖഭാഷണവും നടത്തി രജിസ്ട്രാർ സംസാരിച്ചു.

ദാറുൽഹുദാ സംവിധാനത്തിലേക്ക് പുതുതായി അഫിലിയേറ്റ് ചെയ്ത സ്ഥാപനങ്ങളെയും അഫിലിയേഷൻ റദ്ദ് ചെയ്ത സ്ഥാപനങ്ങളെയും പരിചയപ്പെടുത്തി. പാലക്കാട് ജില്ലയിലെ കുമരനല്ലൂരിലെ ഇർശാദിയ്യ ഇസ്‌ലാമിക് കോംപ്ലക്സിന് സെക്കന്ററി അഫിലിയേഷനും കണ്ണൂർ ജില്ലയിലെ തൂവക്കുന്നിലെ സ്ഥിതി ചെയ്യുന്ന ശംസുൽ ഉലമാ സ്മാരക ഇസ്‌ലാമിക് അക്കാദമിക്ക് ഡിഗ്രി അഫിലിയേഷനും നൽകുകയും വയനാട് വാകേരിയിലെ

സ്ഥിതി ചെയ്യുന്ന ശിഹാബ് തങ്ങൾ ഇസ്‌ലാമിക് അക്കാദമിയുടെ അഫിലിയേഷൻ പിൻവലിക്കുകയും ചെയ്തു.

സഹസ്ഥാപനങ്ങളിലെ ഡിഗ്രി വിഭാഗത്തിൽ പുതുതായി ചില ഡിപ്പാർട്ട്മെന്റുകൾക്ക് അംഗീകാരം നൽകിയതായി അദ്ദേഹം അറിയിച്ചു.

- Aqeeda & Philosophy : DRAC Kodakkal
- Qur'an & Related Sciences: MRIC Chelembra, Darul Banath Edappally
- Fiqh & Usul al Fiqh: Darul Banath Edappally
- Civilizational Studies: Shamsul ulama smarka Islamic academy, Thuvakkunnu

**IDSEP** (Intra-departmental Students Exchange Program)

ദാറുൽഹുദാ സഹസ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ അക്കാദമിക മികവും പരസ്പര സഹകരണവും പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി ഓഫീസ് ഓഫ് ഗൈഡൻസ് ആൻഡ് എക്സ്റ്റൻഷൻ ആക്റ്റിവിറ്റിസ് (OGEA) തയ്യാറാക്കിയ 'ഇൻട്രാ-ഡിപ്പാർട്ട്മെന്റൽ സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാം' (IDSEP) പദ്ധതി രജിസ്ട്രാർ അവതരിപ്പിച്ചു. അഫിലിയേറ്റഡ് കോളേജുകളിലെ ഡിഗ്രി വിദ്യാർത്ഥികൾക്ക് മറ്റ് ക്യാമ്പസുകളിലെ അധ്യാപന രീതികളും വൈവിധ്യമാർന്ന പഠനാന്തരീക്ഷവും അനുഭവവേദ്യമാക്കാൻ ഉതകുന്ന രീതിയിലാണ് ഈ സംരംഭം രൂപകൽപന ചെയ്തിരിക്കുന്നതെന്നും 2, 3, 4, 5 സെമസ്റ്ററുകളിൽ പഠിക്കുന്ന ഡിഗ്രി വിദ്യാർത്ഥികൾക്ക് ഈ പദ്ധതി വഴി പഠനത്തിന് അവസരം ലഭിക്കുമെന്നും അദ്ദേഹം അറിയിച്ചു.

ദാറുൽഹുദാ സംവിധാനത്തിന് കീഴിലെ അക്കാദമിക കൂട്ടായ്മയെ കൂടുതൽ ശക്തിപ്പെടുത്താൻ ഈ സംരംഭം വഴിയൊരുക്കുമെന്നും ഇതുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങൾ വരും സെമസ്റ്ററിൽ തന്നെ നടക്കുമെന്നും കൗൺസിൽ അംഗങ്ങളെ അറിയിച്ചു.

**GIIHS** (Graduate Institute of Islamic and Human Sciences)

2025-26 അക്കാദമിക വർഷം നിലവിൽ വന്ന ഇൻസ്റ്റിറ്റ്യൂട്ടിലെ Department of Governance and Public Administration (GPA) ൽ രണ്ടാം വർഷ വിദ്യാർഥികളായ 30 പേർ ഒരു സെമസ്റ്റർ കാലയളവിൽ ഇന്റേൺഷിപ്പിൽ വിവിധ സിവിൽ സർവീസ് കോച്ചിങ് സെന്ററുകളിൽ ചേർന്നതായും രജിസ്ട്രാർ അറിയിച്ചു.

**Internship Program** (PG)

പി.ജി. വിദ്യാർത്ഥികളുടെ പ്രായോഗിക പരിചയവും തൊഴിൽനൈപുണ്യവും വർധിപ്പിക്കുന്നതിനായി ഒരുക്കിയ ഇന്റേൺഷിപ്പിൽ 112 വിദ്യാർത്ഥികൾ ഒരു സെമസ്റ്റർ കാലയളവിലും 63 വിദ്യാർത്ഥികൾ 45 ദിവസത്തിനും വിവിധ സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പ് പൂർത്തിയാക്കിയതായി അദ്ദേഹം യോഗാംഗങ്ങളെ അറിയിച്ചു.

**Students Exchange Program**

ദാറുൽഹുദാ ഇസ്‌ലാമിക് യൂണിവേഴ്സിറ്റി പി.ജി വിഭാഗത്തിന് കീഴിൽ നടപ്പിലാക്കുന്ന അന്താരാഷ്ട്ര വിദ്യാർത്ഥി കൈമാറ്റ പദ്ധതിയുടെ (Student Exchange Program) ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 10 യു.ജി വിദ്യാർത്ഥികളും 4 പി.ജി വിദ്യാർത്ഥികളും ഉൾപ്പെടെയുള്ള പതിനാലംഗ സംഘം സെപ്റ്റംബർ അവസാന വാരം മലേഷ്യയിലെ പ്രമുഖ സർവകലാശാലയായ ഇന്റർനാഷണൽ ഇസ്ലാമിക് യൂണിവേഴ്സിറ്റിയിലേക്ക് (IIUM) യാത്ര തിരിക്കും. ആഗോള അക്കാദമിക നിലവാരവും നൂതന ഗവേഷണ രീതികളും അടുത്തറിയുക, അന്താരാഷ്ട്ര പഠനാന്തരീക്ഷം വിദ്യാർത്ഥികൾക്ക് അനുഭവവേദ്യമാക്കുക തുടങ്ങിയ കാര്യങ്ങൾ ലക്ഷ്യമിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്ന് രജിസ്ട്രാർ അറിയിച്ചു.

**Faculty Exchange Program**

ദാറുൽഹുദാ ഇസ്‌ലാമിക് യൂനിവേഴ്സിറ്റിയുടെ അന്താരാഷ്ട്ര അക്കാദമിക സഹകരണ പദ്ധതികളുടെ ഭാഗമായുള്ള ഫാക്കൽറ്റി എക്സ്ചേഞ്ച് (Faculty Exchange) പ്രോഗ്രാമിലൂടെ 35 ഹുദവി പണ്ഡിതന്മാരും 5 സഹ്റാവിയ്യ ബിരുദധാരികളും ഉൾപ്പെടെ 40 അംഗ അധ്യാപക സംഘം മൊറോക്കോവിലെ അധ്യാപന പരിശീലനം നേടിക്കൊണ്ടിരിക്കുന്നു; അധ്യാപന-നേതൃത്വ രംഗങ്ങളിൽ ആഗോള നിലവാരത്തിലുള്ള അനുഭവങ്ങൾ സ്വായത്തമാക്കാനും അന്താരാഷ്ട്ര വൈജ്ഞാനിക വിനിമയം കൂടുതൽ സജീവമാക്കാനുമാണ് ഈ സംരംഭത്തിലൂടെ

ലക്ഷീകരിക്കുന്നത്.

## SIBAQ 2026

ദാറുൽഹുദാ ദേശീയ കലോത്സവമായ സിബാഖ് 2026 പുതിയ രൂപത്തിൽ നടത്താൻ തീരുമാനമായി. മുഴുവൻ സ്ഥാപനങ്ങളെ എ, ബി, സി എന്നിങ്ങനെ മൂന്ന് ഗ്രൂപ്പുകളാക്കി വിദ്യാർഥികളെ ബിദായ, ഊലാ, സാനിയ, സാനവിയ്യ, ആലിയ, കുല്ലിയ്യ എന്നിങ്ങനെ ആറ് വിഭാഗങ്ങളാക്കിത്തിരിച്ചായിരിക്കും മത്സരം നടക്കുക. ഇതിനായി ആറ് വേദികൾ വേണമെന്നും മൂന്ന് വേദികൾക്ക് വേണ്ടത് ദാറുൽഹുദാ ഏറ്റെടുത്ത് ചെയ്യാമെന്നും ബാക്കിയുള്ളതിലേക്ക് സ്വയംസന്നദ്ധരായി സ്ഥാപനങ്ങൾ മുന്നോട്ടുവന്നാൽ നടത്താവുന്നതാണെന്നും രജിസ്ട്രാർ അറിയിച്ചു.

## PG ZAHRAWIYYA

ദാറുൽഹുദാ വിമൻസ് കോളേജിനു കീഴിൽ വനിതകൾക്കായി നടത്തുന്ന പി.ജി സഹ്റാവിയ്യ ഓൺലൈൻ ക്ലാസുകളും, റെക്കോർഡഡ് ക്ലാസുകളും ഓഫ്‌ലൈൻ സെഷനുകളും ഉൾപ്പെടുത്തിയ ആദ്യ ബാച്ചിലെ 70 വിദ്യാർത്ഥിനികൾ അടുത്ത സെമസ്റ്റർ പഠനത്തിലേക്ക് പ്രവേശിച്ചു; കൂടാതെ 19 വിദ്യാർത്ഥിനികൾ ഉൾപ്പെടുന്ന പുതിയ രണ്ടാമത്തെ ബാച്ചിന്റെ ഉദ്ഘാടനം സെപ്റ്റംബർ 6-ന് നടക്കും.

**ചർച്ച**

സഹ്റാവിയ്യ പി.ജി കോഴ്സ് കൂടുതൽ വ്യവസ്ഥാപിതവും കാര്യക്ഷമവുമാക്കേണ്ടതാണെന്ന് കൗൺസിൽ അംഗങ്ങൾ ആവശ്യപ്പെട്ടു.

പഠിതാക്കൾ കൃത്യമായി ക്ലാസിൽ പങ്കെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താനും അധ്യാപന പഠന മൂല്യനിർണയ പ്രക്രിയകൾ കൂടുതൽ സുതാര്യമാക്കുന്നതിനും പോർട്ടൽ സംവിധാനങ്ങൾ കൊണ്ടുവരേണ്ടതുണ്ടെന്നും അവർ ഓർമപ്പെടുത്തി.

സഹ്റാവിയ്യ പ്രോഗ്രാമിനെ പ്രതിനിധീകരിച്ച് ഒരംഗത്തെ കൌൺസിലിൽ ഉൾപ്പെടുത്തണമെന്ന് സിറാജ് ഹുദവി പൊടിയാട് ആവശ്യപ്പെട്ടു.

## PG MAHDIYYA

ദാറുൽഹുദാ പൊതുവിദ്യാഭ്യാസ വിഭാഗം സിപെറ്റിനു കീഴിൽ വനിതകൾക്കായി നടത്തുന്ന പി.ജി മഹ്ദിയ്യ കോഴ്സിന്റെ ആദ്യ ബാച്ചിലെ 120 വിദ്യാർത്ഥിനികൾ ഒന്നാം സെമസ്റ്റർ വിജയകരമായി പൂർത്തിയാക്കി രണ്ടാം സെമസ്റ്ററിലേക്ക് പ്രവേശിച്ചു; കൂടാതെ 52 പേർ ഉൾപ്പെടുന്ന പുതിയ രണ്ടാമത്തെ ബാച്ചിന്റെ ഉദ്ഘാടനം ആഗസ്റ്റ് 31-ന് നടക്കും.

## CPET FOREIGN LANGUAGES

ദാറുൽഹുദാ സിപെറ്റിന് (CPET) കീഴിൽ ലാംഗേജ് അക്കാദമിയുടെ മേൽനോട്ടത്തിൽ നടന്നു വരുന്ന വിദേശ ഭാഷാ കോഴ്സുകളിൽ നിലവിൽ ജർമ്മൻ (15 പേർ), സ്പാനിഷ് (28 പേർ), ടർക്കിഷ് (18 പേർ), ഫ്രഞ്ച് (15 പേർ) ബാച്ചുകൾ വിജയകരമായി നടന്നുകൊണ്ടിരിക്കുന്നു; 31 പേർ പൂർത്തിയാക്കിയ മലായ് ഭാഷാ കോഴ്സിന്റെ പുതിയ ബാച്ചും ഒപ്പം ജാപ്പനീസ് ഭാഷാ കോഴ്സും ഉടൻ ആരംഭിക്കാനിരിക്കുകയാണ്. ഇതുവരെ സഹസ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് മാത്രമായി നൽകിയിരുന്ന ഈ കോഴ്സുകൾ പുറത്തുനിന്നുള്ള വർക്കുകൂടി നൽകുന്നതിന്റെ ഭാഗമായി സ്പാനിഷ് കോഴ്സിലേക്ക് ബാഹ്യ അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി. കൂടാതെ, അഫിലിയേറ്റഡ് സ്ഥാപനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള അറബിക് ട്രാൻസ്ലേഷൻ കോഴ്സും വൈകാതെ ആരംഭിക്കും.

വിദേശ ഭാഷാ പഠനം പോലെതന്നെ റീജ്യണൽ ലാംഗേജുകളായ ഗുജറാത്തി, മറാഠി, ബംഗ്ലാ പോലെയുള്ള ഭാഷകൾ കൂടി ഉൾപ്പെടുത്തുന്നത് ഉചിതമാകുമെന്ന് സിറാജ് ഹുദവി പൊടിയാട് അഭിപ്രായപ്പെട്ടു.

# BoS SUGGESTIONS & RECOMMENDATIONS

ദാറുൽഹുദാ ഇസ്‌ലാമിക് യൂനിവേഴ്സിറ്റി ഡിഗ്രി ബോർഡ് ഓഫ് സ്റ്റഡീസ് (BoS) യോഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കുല്ലിയ്യ തിരിച്ചുള്ള റിപ്പോർട്ടുകൾ ഡിഗ്രി അക്കാഡമിക് കോഡിനേറ്റർ ശഫീഖ് ഹുദവി നീലാമ്പ്ര അവതരിപ്പിച്ചു.

## 1. Kulliyyah of Qur'an & Sunnah

1. കുല്ലിയ്യത്തുൽ ഖുർആൻ & സുന്ന (Kulliyya of Qur'an & Sunnah)

- പാഠ്യപദ്ധതി പരിഷ്കരണം (Tafsir & Hadith):

o ഡിഗ്രി ആറാം സെമസ്റ്ററിലെ തഫ്സീർ വിഭാഗത്തിൽ ഖുർആനിക ഘടനയും സമഗ്രതയും അപഗ്രഥിക്കുന്ന Trends & Issues നു പകരം Structure and Coherence in the Qur'an ഉൾപ്പെടുത്തി പാഠ്യപദ്ധതി നവീകരിച്ചു.

o ഡിഗ്രി ആറാം സെമസ്റ്ററിലെ ഹദീസ് വിഭാഗത്തിൽ Fabrication in Hadith നു പകരം Thematic Hadith ഉൾപ്പെടുത്തി പരിഷ്കരണം വരുത്തി.

o ഡിഗ്രി ഒന്നാം സെമസ്റ്റർ സിലബസിൽ (സഹ്‌റാവിയ്യ) ‘അൽ-മദ്ഖലു ഇലാ ദിറാസതി ഇൽമിൽ ഹദീഥ്’ (المدخل إلى دراسة علم الحديث) എന്ന പേപ്പർ പുതുതായി ഉൾപ്പെടുത്തി.

- ഖിറാഅത്ത് പരിശീലനം (Qira'ah Training): ഹുദവി ഖത്വീബുമാരുടെ നേതൃത്വത്തിൽ മഹല്ലുതലങ്ങൾ കേന്ദ്രീകരിച്ച് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും പ്രയോജനപ്പെടുന്ന വിധത്തിൽ ഖിറാഅത്ത് പരിശീലന പദ്ധതി നടപ്പിലാക്കുക.

- ഇജാസ സമ്പ്രദായം (Ijaza Tradition): മത്‌നുൽ അർബഈൻ, രിയാദുസ്സ്വാലിഹീൻ, മിശ്കാത്ത് തുടങ്ങിയ പ്രധാന ഹദീഥ് ഗ്രന്ഥങ്ങൾ കേന്ദ്രീകരിച്ച് വിദ്യാർത്ഥികൾക്ക് പരമ്പരാഗത ‘ഇജാസ’ നൽകുന്ന സംവിധാനം ആരംഭിക്കുക.

ഇജാസയുടെ ദർശനവും പ്രസക്തിയും യോഗത്തിൽ ചർച്ച ചെയ്യപ്പെട്ടു. നിലവിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇതുമായി ബന്ധപ്പെട്ട പലരീതിയിലുള്ള കൈമാറ്റ പ്രക്രിയകൾ നടക്കാറുണ്ടെന്നും ലോക ചരിത്രത്തിൽ ഇടം പിടിച്ച ബുഖാരി ഇമാമടക്കം മൈലുകൾ താണ്ടിയാണ് വിജ്ഞാന സമ്പാദനത്തിനും നിവേദക പരമ്പരക്കും വേണ്ടി യാത്ര ചെയ്തതെന്നും ഡോ.ബഹാഉദ്ദീൻ നദ്‌വി സൂചിപ്പിച്ചു.

- ഹദീസ് ദൗറ വിപുലീകരണം (Hadith Doura): നിലവിൽ പി.ജി തലത്തിൽ ഈജിപ്തിലെ അൽഅസ്ഹർ കേന്ദ്രീകരിച്ച് നടക്കുന്ന ഹദീസ് ദൗറ ഡിഗ്രി തലത്തിലേക്കും വ്യാപിപ്പിക്കുക; പി.ജിയിലെ അടുത്ത ബാച്ച് സെപ്റ്റംബർ 6 മുതൽ ഒക്ടോബർ 16 വരെ നടക്കുന്ന ദൌറയിൽ പങ്കെടുക്കുന്നതായിരിക്കും.

## 2. Kulliyyah of Shari'a

- (Student Exchange Programme): ശരീഅഃ വിദ്യാർത്ഥികൾക്ക് ആഗോള കാഴ്ചപ്പാടും വൈജ്ഞാനിക പരിജ്ഞാനവും സാംസ്കാരിക വിനിമയവും സാധ്യമാക്കുന്നതിനായി പ്രമുഖ അന്താരാഷ്ട്ര സർവകലാശാലകളുമായി സഹകരിച്ച് സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാം ഏർപ്പെടുത്തുക.

ഇതുമായി ബന്ധപ്പെട്ട് നിലവിൽ ഐ.ഐ.യു.എമ്മിൽ ശരീഅ കുല്ലിയ്യയിലെ ആറ് അവസാന വർഷ വിദ്യാർത്ഥികൾക്ക് അവസരം ലഭിച്ചിട്ടുണ്ടെന്നും തുടർപ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നും ഡോ. ജാബിറലി ഹുദവി അറിയിച്ചു.

- (Kitab Crash Course): ക്ലാസിക്കൽ ഗ്രന്ഥപഠനത്തിൽ (കിതാബ്) പ്രയാസമനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് അടിത്തറ ശക്തിപ്പെടുത്തുന്നതിനും, ഗ്രാഹ്യശേഷിയും ആത്മവിശ്വാസവും വർദ്ധിപ്പിക്കുന്നതിനുമായി കുല്ലിയ ഓഫ് ശരീഅയുടെ നേതൃത്വത്തിൽ ഹ്രസ്വകാല ക്രാഷ് കോഴ്സ് പരീക്ഷണാടിസ്ഥാനത്തിൽ നൽകാൻ ധാരണയായി. ഈ കോഴ്സിന്റെ ആവശ്യകതയും ലക്ഷ്യവും ഡോ. ജാബിറലി ഹുദവി വിശദീകരിച്ചു.

**ചർച്ച:** ദാറുൽ ഹുദാ സംവിധാനത്തിൽ ഒരു വ്യാഴവട്ടക്കാല പഠനം നടത്തുന്ന വിദ്യാർഥിക്ക് കിതാബിൽ ഒരു സാമാന്യ ഗ്രാഹ്യമുണ്ടാകണമെന്നും ഉസ്താദുമാർ വിദ്യാർത്ഥികളിൽ മുഴുസമയ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ടെന്നും ഉസ്താദ് സൂചിപ്പിച്ചു. ഈ കോഴ്സിന് കാലാവധി നിശ്ചയിക്കേണ്ടതുണ്ടെന്നും എത്ര കടഞ്ഞെടുത്ത വിദ്യാർഥികളാണെങ്കിലും കഴിവിൽ ഏറ്റക്കുറച്ചിലുകളുണ്ടാകാമെന്നും ഡോ. അബ്ദുർറഹ്മാൻ അരീക്കാടൻ പറഞ്ഞു. മൂല്യനിർണയം കൂടുതൽ കാര്യക്ഷമമാക്കണമെന്നും പി.ജി അഡ്മിഷനിലെങ്കിലും ഈ വിഷയം സഗൗരവം പരിഗണിക്കണമെന്നും ഡോ. ജാബിർ കെ.ടി ഹുദവി അഭിപ്രായപ്പെട്ടു.

- ശരീഅ ഹെരിറ്റേജ് & അക്കഡമിക് എക്സ്പോഷർ സന്ദർശനം: ചരിത്രപ്രസിദ്ധമായ ശരീഅ കേന്ദ്രങ്ങൾ, കൈയെഴുത്തുപ്രതി ശേഖരങ്ങൾ (Manuscripts), പരമ്പരാഗത വൈജ്ഞാനിക സ്ഥാപനങ്ങൾ എന്നിവ സന്ദർശിക്കുകയും, ഫത്‌വ കേസുകളുടെ ചരിത്രപരവും സാമൂഹികവുമായ പശ്ചാത്തലം പഠിക്കാനുമുള്ള ഫീൽഡ് സ്റ്റഡി സന്ദർശനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക.

### 3. Kulliyyah of Usul-al-din

- ഫലക് പഠന കോഴ്സ് (Falak Studies Course): നിസ്കാര സമയം, ഖിബ്‌ല നിർണ്ണയം, ചാന്ദ്ര നിരീക്ഷണം, ഹിജ്‌രി കലണ്ടർ ഗണനം എന്നിവയിൽ വിദ്യാർത്ഥികൾക്ക് പ്രായോഗിക ജ്ഞാനം പകർന്നുനൽകുന്ന ഇസ്‌ലാമിക ജ്യോതിശാസ്ത്ര (ഇൽമുൽ ഫലക്) ഹ്രസ്വ കോഴ്സ് നടപ്പിലാക്കുക.

**ചർച്ച:** ഫലക് സംബന്ധമായ പഠനം വളരെ ചുരുങ്ങിയ സമയം കൊണ്ട് നമ്മുടെ കുട്ടികൾക്ക് മനസ്സിലാക്കാവുന്നതേയുള്ളൂവെന്നു വിലയിരുത്തുകയും നിലവിൽ ഇതുമായി ബന്ധപ്പെട്ട വിശദാവബോധമുള്ള മുഹമ്മദ് സി ഓമശ്ശേരിയെ ബന്ധപ്പെടാൻ ഡിപ്പാർട്ട്മെന്റ് പ്രതിനിധികളെ ചുമതലപ്പെടുത്തുകയും ചെയ്തു. കുല്ലിയ്യ ഓഫ് ഉസൂലുദ്ദീന്റെ നേതൃത്വത്തിൽ സിപെറ്റുമായി സഹകരിച്ച് സ്ഥാപനങ്ങളിൽ ഈ കോഴ്സ് നടപ്പിലാക്കാവുന്നതാണെന്ന് കോഡിനേറ്റർ അഭിപ്രായപ്പെട്ടു.

### 4. Kulliyyah of Social Sciences

- ഡിഗ്രി ഡെസേട്ടേഷനും പ്രസിദ്ധീകരണവും (Dissertation & Publication): നിശ്ചിത നിലവാരമുള്ള ഗവേഷണവും പ്രസിദ്ധീകരണവും നിർബന്ധമാക്കി ഡിഗ്രി ഡെസേട്ടേഷൻ മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിക്കുക. വിദ്യാർത്ഥികളിൽ മൗലിക ഗവേഷണവും അക്കാദമിക മികവും പ്രോത്സാഹിപ്പിക്കുന്നതിനായി സ്ഥാപനങ്ങൾക്കിടയിൽ റിസർച്ച് & അവാർഡ് മത്സരങ്ങൾ ഏർപ്പെടുത്തുക.

**ചർച്ച:** നിലവിലുള്ള രീതിയോടൊപ്പം ഗ്രൂപ്പ് പ്രൊജക്റ്റുകൾ കൂടി ഉൾപ്പെടുത്തി ഇതിൻറെ പരിധി വിശാലമാക്കണമെന്ന് രജിസ്ട്രാർ അഭിപ്രായപ്പെട്ടു. പി.ജിയിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന ഡെസേട്ടേഷൻ മുഴുവിദ്യാർഥികൾക്ക് നൽകേണ്ടതുണ്ടെന്ന് വി.സി ഡോ. ബഹാഉദ്ദീൻ നദ്‌വി യോഗാംഗങ്ങളെ അറിയിച്ചു. മതിയായ ഗൈഡുമാരുടെ അഭാവവും സ്ഥാപനത്തിലെ അസൗകര്യവും ഇവാല്വേഷന് മതിയായ റിസോഴ്സില്ലായ്മയുമാണ് ഇതിന് തടസ്സമെന്ന് ചർച്ച ചെയ്യപ്പെട്ടു. വാല്വേഷൻ എളുപ്പമാക്കാനുള്ള നവസംവിധാനങ്ങൾ കാണേണ്ടതുണ്ടെന്നും അറിവുൽപാദനത്തിലേക്ക് ഓരോ ഹുദവിയുടെയും സംഭാവനകളുണ്ടാകണമെന്നും വി.സി അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട പുനർവിചിന്തനത്തിന് പി.ജി.ഡി.സിയെ ചുമതലപ്പെടുത്തി.

- സിലബസ് സമഗ്ര പുനരവലോകനം: സമകാലിക വിദ്യാഭ്യാസ ആവശ്യങ്ങൾക്കനുസൃതമായി പഠന നിലവാരവും നൈപുണ്യവും മെച്ചപ്പെടുത്തുന്നതിനായി ഡിഗ്രി, സെക്കൻഡറി തലങ്ങളിലെ സോഷ്യൽ സയൻസ് സിലബസുകൾ സമഗ്രമായി പരിഷ്കരിക്കുന്നു. സെക്കന്ററി തലത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന റീഫ്രെയ്മിങിന്റെ ഭാഗമായി വരുന്ന അപ്ഡേറ്റുകൾക്കനുസരിച്ച് ഡിഗ്രിയിലും ഈ മാറ്റം പ്രതിഫലിക്കുമെന്ന് കോഡിനേറ്റർ അറിയിച്ചു.

### 5. Kulliyyah of Languages

- ചെയർമാന്റെയും അക്കാദമിക് നേതൃത്വത്തിന്റെയും മേൽനോട്ടത്തിൽ നിരന്തര ഡിപ്പാർട്ട്മെന്റ് തല സന്ദർശനങ്ങൾ നടത്തുകയും അറബിക് ഉൾപ്പെടെയുള്ള ഭാഷകളിൽ ആശയവിനിമയം നടത്തി അക്കാദമിക പുരോഗതി വിലയിരുത്തുകയും ചെയ്യുക.

- സംസാര-ആശയവിനിമയ നൈപുണ്യം (അറബിക്): സംഭാഷണങ്ങൾ, അവതരണങ്ങൾ, ഗ്രൂപ്പ് ചർച്ച

കൾ എന്നിവയിലൂടെ അറബിക് ഭാഷാ സംസാര പ്രാവീണ്യം വർദ്ധിപ്പിക്കുകയും സിലബസിലും പരീക്ഷകളിലും പ്രായോഗിക വിനിമയത്തിന് കൂടുതൽ പ്രാധാന്യം നൽകുകയും ചെയ്യുക.

- ഉർദു സിലബസ് നവീകരണം: വിദ്യാർത്ഥികളിലെ സർഗ്ഗാത്മകത പ്രോത്സാഹിപ്പിക്കുന്നതിന് Creative Writing സിലബസിൽ ഉൾപ്പെടുത്തുകയും, ഭാഷാ വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിനായി ഉർദു പാഠ്യപദ്ധതിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യുക.

- അക്കാദമിക് റൈറ്റിംഗ് (ഇംഗ്ലീഷ്): ഫാക്കൽറ്റിയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഇംഗ്ലീഷ് അക്കാദമിക് റൈറ്റിംഗ് പരിശീലിക്കുന്നതിനായി ക്ലാസ് റൂം സമയം നിജപ്പെടുത്തുകയും സിലബസ് പുനഃക്രമീകരിക്കുകയും ചെയ്യുക.

**ചർച്ച** : ഭാഷാപഠനം ഫലപ്രദമാക്കാൻ ആവശ്യമായ കാര്യങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിന് വിജയകരമായി നടക്കുന്ന സ്ഥാപനങ്ങൾ സന്ദർശിക്കുക. കിംഗ് സൽമാൻ ഗ്ലോബൽ അക്കാദമി ഓഫ് അറബികിന്റെ അൽഇൻഗിമാസ് പോലുള്ള പരിപാടികൾ വളരെ വിജയകരമാണെന്ന് ഡോ. അബ്ദുൽ ഗഫൂർ ഹുദവി പൊന്മള അഭിപ്രായപ്പെട്ടു. നിശ്ചിത സമയം ഭാഷ സംസാരിക്കുന്ന രീതി കൊണ്ടുവന്നാൽ ഏറെ ഫലം ചെയ്യുമെന്ന് ഡോ. അബ്ദുർറഹ്മാൻ അരീക്കാടൻ അറിയിച്ചു. കേരളത്തിലെ യൂനിവേഴ്സിറ്റികളിൽ പഠിക്കാൻ വരുന്ന യമനികളെ ഉപയോഗപ്പെടുത്താവുന്നതാണെന്ന് ഡോ.ജാബിർ ഹുദവി കെ.ടി അഭിപ്രായപ്പെട്ടു.

## 6. Degree Field Study; Learning Beyond the Classroom

വിദ്യാർത്ഥികളെ പുസ്തകങ്ങളിൽ നിന്ന് പ്രായോഗിക ലോകത്തേക്കും (From Text to Context), പഠനമുറിയിൽ നിന്ന് സമൂഹത്തിലേക്കും (From Classroom to Community) അന്തർമുഖതയിൽ നിന്ന് ബഹിർമുഖതയിലേക്കും ആനയിക്കുന്ന, വിദ്യാർഥികളുടെ സാമൂഹിക ഇടപെടൽ കൂടുതൽ സുസാധ്യമാക്കുന്ന അക്കാദമിക ഫീൽഡ് പ്രോഗ്രാമാണിത്.

ഇതിന്റെ ഭാഗമായി വിജ്ഞാനം, വിദ്യാഭ്യാസം, സമൂഹം, ക്ഷേമം, സംസ്കാരം, ഭാഷ, സമ്പദ്‌വ്യവസ്ഥ, നിയമം, ഭരണസംവിധാനം, ശാസ്ത്രം, കല, മാധ്യമം, സാങ്കേതികവിദ്യ, പരിസ്ഥിതി, ആരോഗ്യം, പ്രവാസം, സ്ത്രീകളുടെ സാമൂഹിക പങ്കാളിത്തം, വ്യാപാര-നാഗരികതാ പൈതൃകം, സംരംഭകത്വം, സാമൂഹിക നവീകരണം, ഭാവി പഠനം തുടങ്ങിയ മേഖലകളെ ഉൾപ്പെടുത്താം. കൈയെഴുത്തുപ്രതികൾ, പുരാതന ഗ്രന്ഥങ്ങൾ, ഗ്രന്ഥശാലകൾ, ദർസ്-മദ്റസാ സംവിധാനങ്ങൾ, സർവകലാശാലകൾ, മഹല്ലുകൾ, പള്ളികൾ, വഖ്ഫ് സ്ഥാപനങ്ങൾ, സാമൂഹിക ക്ഷേമകേന്ദ്രങ്ങൾ, ചരിത്ര-പൈതൃക കേന്ദ്രങ്ങൾ, ഭാഷാ-സാഹിത്യ സ്ഥാപനങ്ങൾ, വ്യാപാര-വാണിജ്യ കേന്ദ്രങ്ങൾ, ഇസ്‌ലാമിക് ഫിനാൻസ് സ്ഥാപനങ്ങൾ, ഖാളി-നീതിന്യായ സംവിധാനങ്ങൾ, മാധ്യമ-പ്രസിദ്ധീകരണ സ്ഥാപനങ്ങൾ, മ്യൂസിയങ്ങൾ, കലാ-വാസ്തുവിദ്യാ കേന്ദ്രങ്ങൾ, ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങൾ, സാമൂഹിക സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, ഡിജിറ്റൽ ആർക്കൈവുകൾ എന്നിവ സന്ദർശിച്ച് അവയുടെ ചരിത്രം, പ്രവർത്തനരീതി, സാമൂഹിക പ്രസക്തി, സമകാലിക പ്രസക്തി എന്നിവ കൃത്യമായി മനസ്സിലാക്കി ഒരു സമഗ്രമായ അനുഭവാധിഷ്ഠിത പഠനപരിപാടിയായി ഇത് വികസിപ്പിക്കാനാകും. വിവിധ ഡിപ്പാർട്ട്മെന്റ് തലങ്ങളിൽ നിന്ന് വന്ന ആവശ്യം യോഗം തത്ത്വത്തിൽ അംഗീകരിച്ചു.

## Examinations (PK Naser Hudawi, Controller of Examinations)

ദാറുൽഹുദാ ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയുടെ 2025-26 വാർഷിക പരീക്ഷാ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് പരീക്ഷാ കൺട്രോളർ പി.കെ. നാസർ ഹുദവി സംസാരിച്ചു. പതിനായിരത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്ന വിവിധ വിഭാഗങ്ങളിലെ റബീഅ്-റമദാൻ സെമസ്റ്റർ പരീക്ഷകളും വിപുലമായ ക്ലസ്റ്റർ മൂല്യനിർണ്ണയ ക്യാമ്പുകളും വൈവ-ഗവേഷണ പ്രബന്ധ സമർപ്പണങ്ങളും കൃത്യസമയത്ത് പൂർത്തിയാക്കി. എല്ലാ തലങ്ങളിലും മികച്ച വിജയശതമാനം രേഖപ്പെടുത്തുകയും മികവ് പുലർത്തിയ സ്ഥാപനങ്ങൾക്ക് അവാർഡുകൾ നൽകുകയും ചെയ്തതിനൊപ്പം, 28-ാമത് സനദ് ദാന സമ്മേളനത്തിൽ 269 ഹുദവികൾക്കും 60 സഹ്റാവിയ്യകൾക്കും ബിരുദം നൽകിയതായും അദ്ദേഹം വ്യക്തമാക്കി. കൂടാതെ, 34 കേന്ദ്രങ്ങളിലായി നടന്ന DAT 2026 പ്രവേശന പരീക്ഷ, വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമായി ഒരുക്കിയ ക്വസ്റ്റ്യൻ ബാങ്ക് പോർട്ടൽ (questionbank.dhiu.in), പരീക്ഷാ നിയമങ്ങൾ ഉൾക്കൊള്ളുന്ന 'ഹാൻഡ്ബുക്ക് ഓൺ എക്സാമിനേഷൻസ്' മൂന്നാം പതിപ്പിന്റെ പ്രകാശനം (05-08-2026 യു.ജി മീറ്റ് - ദാറുൽഹുദാ തിരുവനന്തപുരം കാമ്പസ്) എന്നിവ വിജയകരമായി നിർവ്വ

ഹിച്ചതായും അദ്ദേഹം അറിയിച്ചു.

**DAT 2027**: അടുത്ത വർഷം ദാറുൽഹുദാ അഡ്മിഷൻ ടെസ്റ്റ് എങ്ങനെ നടത്തണമെന്നത് യോഗം ചർച്ച ചെയ്തു. നിലവിൽ അഞ്ചാം ക്ലാസിൽ സമസ്ത പൊതുപരീക്ഷ ഇല്ലാത്തതിനാൽ ദാറുൽഹുദാ പ്രവേശന പരീക്ഷാ വിജയം മാനദണ്ഡമാക്കാനും പ്രായപരിധി 12 വയസ്സാക്കാനും തീരുമാനിച്ചു. പ്രവേശന പരീക്ഷ എഴുത്ത് പരീക്ഷക്ക് ശേഷം വാചിക പരീക്ഷയാക്കാമോ എന്ന് ചാമക്കാല പ്രിൻസിപ്പൽ ശാഫി ഹുദവി അഭിപ്രായപ്പെട്ടു. പ്രായോഗിക പ്രയാസം തടസ്സം നിൽക്കുന്നതായി കൺട്രോളർ അറിയിച്ചു.

Mutual Transfer: യു.ജി മാനേജ്മെന്റ് യോഗ നിർദ്ദേശ പ്രകാരം, ദാറുൽഹുദാ അഡ്മിഷൻ ടെസ്റ്റിൽ യോഗ്യത നേടിയവരിൽ നിന്ന് അതത് മാനേജ്മെന്റുകൾ റെക്കമന്റ് ചെയ്യുന്നവരെ പ്രാദേശിക മുൻഗണനാടിസ്ഥാനത്തിൽ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശം യോഗം ചർച്ച ചെയ്തു. നിലവിൽ ജില്ലാ റിസർവേഷൻ എന്നുള്ളത് പഞ്ചായത്ത് എന്നാക്കി മാറ്റി.

## DARUL HUDA PhD

കഴിഞ്ഞ അക്കാഡമിക് കൌൺസിൽ ചർച്ച ചെയ്ത പിഎച്ച്.ഡിയുടെ പുരോഗതി ഡോ. മിസ്അബ് ഹുദവി അന്വേഷിച്ചു. നേരിട്ടല്ലെങ്കിൽ കൂടി എം.ഒ.യു ഉള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ചെയ്തുകൂടേ എന്ന് യോഗത്തിൽ ചർച്ച വന്നു. മലേഷ്യയിൽ ഇതിന് അവസരമുണ്ടെന്നും ആറ് മാസം അവിടെ സാന്നിധ്യം അറിയിച്ചതിന് ശേഷം ചെയ്യാവുന്നതാണെന്നും ഇതിന്റെ അവാർഡിങ് ബോഡി അവർ തന്നെയായിരിക്കുമെന്നും ഡോ. ജാബിറലി ഹുദവി അറിയിച്ചു. വിദേശ യൂനിവേഴ്സിറ്റിയുടെ സെന്റർ ഇവിടെ തുടങ്ങിയാൽ ഗവൺമെന്റ് റെകഗ്നിഷൻ തടസ്സങ്ങൾക്ക് വിഘാതമാകാതെ നമുക്ക് ചെയ്യാനാകുമെന്ന് ഡോ. ഹാരിസ് ഹുദവി കെ.ടി അഭിപ്രായപ്പെട്ടു ഓൺലൈൻ യു.ജി, പി.ജി പ്രോഗ്രാമുകൾക്ക് അവസരമുണ്ടോ എന്ന് അന്വേഷണം വരുന്നുണ്ടെന്ന് രജിസ്ട്രാർ അറിയിച്ചു. പി.എച്ച്.ഡിയുമായി ബന്ധപ്പെട്ട നിയമവശങ്ങൾ കൂടുതൽ കാര്യക്ഷമവും ഗൗരവതരവുമാക്കേണ്ടതുണ്ടെന്ന് ഡോ.ജാബിറലി ഹുദവി അഭിപ്രായപ്പെട്ടു. വിദേശ രാഷ്ട്രങ്ങളിൽ അവിടുത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തോടുകൂടി ദാറുൽ ഹുദാ ഓൺലൈൻ യൂനിവേഴ്സിറ്റി ആരംഭിക്കാൻ സാധിക്കുകയാണെങ്കിൽ നിലവിലുള്ള അംഗീകാര പ്രശ്നങ്ങൾക്ക് പരിഹാരവും പി എച്ച്. ഡി പോലുള്ള ഗവേഷണ പ്രോഗ്രാമുകൾ തുടങ്ങാനുമുള്ള അവസരവുമുണ്ടായിരിക്കുമെന്ന് ഡോ. ഹാരിസ് കെ ടി ഹുദവി അഭിപ്രായപ്പെട്ടു.

## Presidential Talk

അധ്യക്ഷഭാഷണം നടത്തി വി.സി ഡോ. ബഹാഉദ്ദീൻ നദ്‌വി സംസാരിച്ചു. ആഗോളതലം മുതൽ നമ്മുടെ സംവിധാനംവരെ അലങ്കോലപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലത്ത് ഇതൊരു അമാനത്തായി കാത്തുസൂക്ഷിക്കേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു. കുറേ ബിരുദങ്ങൾ എന്നതിനപ്പുറം നമ്മുടെ ഉത്തരവാദിത്തം നാം നിറവേറ്റേണ്ടതുണ്ടെന്നും വിദ്യാഭ്യാസം കരഗതമാക്കി അതിലൂടെ വിജ്ഞാനപ്രസരണവും പ്രചാരണവും മാർഗ്ഗദർശനവും സാധ്യമാക്കിയാൽ മാത്രമേ ഔന്നത്യവും പുരോയാനവും കരഗതമാക്കാനാകൂ എന്നും അദ്ദേഹം യോഗാംഗങ്ങളെ ഉണർത്തി.

യോഗം 1.15 ന് അവസാനിച്ചു.

Prepared by



Dr. Rafeeq Hudawi Karimpanackal
Academic Registrar, DHIU




Approved by



Vice Chancellor

Darul Huda Islamic University